ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിലെ 26 ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലുള്ള 284 സർക്കാർ സ്കൂളുകളിലായി 13758 മീറ്റർ പൈപ്പ് ലൈൻ വിപുലീകരണത്തോടെ 305 ടോയ്ലെറ്റ് കോംപ്ലക്സുകളും 536 യൂറിനൽ കോംപ്ലക്സുകളും നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 72320599 രൂപ അനുവദിച്ചിട്ടുണ്ട്. ഈ വർഷം 284 സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) കേരള ശുചിത്വ മിഷന്റെ സഹായത്തോടെ ഓരോ സ്കൂളിലെയും പാരന്റ്സ് ടീച്ചേഴ്സ് അസോസിയേഷൻ മുഖേനയാണ് യൂറിനൽ കോംപ്ലക്സ് നിർമ്മിക്കുന്നത്.

(ഡി) മൺസൂൺ കാലം ആരംഭിക്കുന്നതിനു മുമ്പ് എത്രയും നേരത്തെ പദ്ധതി പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്.

ന്യൂനപക്ഷ വകുപ്പിന്റെ രൂപീകരണം

182(390) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വകുപ്പിന്റെ രൂപീകരണം ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ ഘടന എങ്ങനെയാണെന്നും വ്യക്തമാക്കുമോ ;

(ബി) ന്യൂനപക്ഷ വകുപ്പിന്റെ ജില്ലാതല ഘടകം എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വകുപ്പിന്റെ മേൽനോട്ടത്തിൽ വരുന്ന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഹജ്ജ്, വഖഫ് ബോർഡ് എന്നിവ ന്യൂനപക്ഷ വകുപ്പിന്റെ കീഴിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിക്കുകയും പ്രസ്തുത വകുപ്പിൽ ഒരു ഡയറക്ടർ, ഒരു അക്കൗണ്ട്സ് ഓഫീസർ, രണ്ട് എൽ.ഡി.ക്ലാർക്ക്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ-കം-കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു ഡ്രൈവർ ഗ്രേഡ്-II, ഒരു പ്യൂൺ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാതല ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് എല്ലാ കളക്ടറേറ്റുകളിലും ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ന്റെ കീഴിൽ ഓരോ എൽ.ഡി.ക്ലാർക്ക് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

(സി&ഡി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ഘട്ടം ഘട്ടമായി ഈ വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതാണ്.

മദ്രസ്സാ നവീകരണ പദ്ധതി

183(391) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ മദ്രസ്സാ നവീകരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതി എന്നാണ് നടപ്പിലാക്കിയത് ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി 2006-07, 2007-08, 2008-09 സാമ്പത്തിക വർഷം എത്ര തുക ധനസഹായമായി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ ഈ ആനുകൂല്യം നേടുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചു ; ഇതിൽ എത്ര എണ്ണം കേന്ദ്ര ഗവൺമെന്റിലേക്ക് അയച്ചു കൊടുത്തുവെന്ന് വ്യക്തമാക്കുമോ ;

(ഡി) അപേക്ഷകരിൽ നിന്നും ലഭ്യമായ ഒട്ടനവധി അപേക്ഷകൾ കേന്ദ്ര ഗവൺമെന്റിലേക്കു അയച്ചുകൊടുത്തില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) 2009-2010 വർഷം ലഭിച്ച ഗ്രാന്റ് തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് മതിയായ സമയം അപേക്ഷകർക്ക് ലഭ്യമാക്കാത്തതിനാൽ ധാരാളം മദ്രസ്സകൾക്ക് പ്രസ്തുത ആനുകൂല്യത്തിന് അപേക്ഷിക്കാനുള്ള അവസരം നഷ്ടമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) മദ്രസ്സകളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനും ആധുനിക വിഷയങ്ങൾ പഠിപ്പിക്കുന്നതിനുമായി അദ്ധ്യാപകരെ നിയമിച്ച് അവർക്ക് ശമ്പളം നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ. 2011-02-ൽ ആണ് നടപ്പിലാക്കിയത്.

(ബി) 3,06,00000(മൂന്നു കോടി ആറു ലക്ഷം രൂപ)

LIBRARY ARCHIVES Kerala Legislative Assembly